**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 287**

# നമ്മുടെ യഥാർത്ഥ പ്രകൃതം കണ്ടെത്തുന്നത്

## DISCOVERING OUR TRUE NATURE

**ഒക്ടോബർ 16, 2025 വ്യാഴം**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### ഇഷ്ടങ്ങളും അനിഷ്ടങ്ങളും, സന്തോഷവും ദു:ഖവും
### LIKES, DISLIKES, HAPPINESS AND PAIN

ഇച്ഛാ ദ്വേഷ: സുഖം ദു:ഖം സംഘാതശ്ചേതനാ ധൃതി: ।

ഏതത് ക്ഷേത്രം സമാസേന സവികാരമുദാഹൃതം ॥ (13.7)




ഇച്ഛ എന്നാൽ ആഗ്രഹം അഥവാ അഭിലാഷം(desire or yearning) എന്നാണർത്ഥം. ആഗ്രഹം എല്ലാവരിലുമുണ്ട്. "എനിക്ക് യാതൊരു ആഗ്രഹവുമില്ല" എന്ന് ഒരാൾ പറയുകയാണെങ്കിൽ, അത് വെറുതെയാണ്. ചുരുങ്ങിയ പക്ഷം നിങ്ങൾക്ക് ജീവിക്കാനും ശ്വസിക്കാനുമുള്ള ആഗ്രഹമെങ്കിലും ഉണ്ടാവും. അതെ! ആളുകൾ പറയും, "എനിക്ക് ആഗ്രഹങ്ങളൊന്നുമില്ല" അപ്പോൾ നിങ്ങൾ




കാന്റീനിൽ പോകുന്നത് എന്തിനാണ്? എങ്കിൽ ഇവിടെ മാത്രം ഇരുന്നുകൊള്ളൂ! ഇത്തരം അഭ്യാസങ്ങളൊന്നും ആദ്ധ്യാത്മിക ജ്ഞാനം നേടുന്നതിന് നിങ്ങളെ സഹായിക്കില്ല! നാം പ്രായോഗികരാവാം. "എനിക്ക് ആഗ്രഹമൊന്നുമില്ല" എന്ന് നിങ്ങൾ പറയുകയാണെങ്കിൽ, ദയവുചെയ്ത് ശ്വസിക്കാതിരിക്കൂ! അങ്ങനെതന്നെ ഇരുന്നോളൂ!

അപ്പോൾ വസ്തുത എന്തെന്നാൽ, ഏതെങ്കിലും തരത്തിലുള്ള ഒരു ആഗ്രഹ മുണ്ടാവും. ഇക്കാരണം കൊണ്ടാണ് ഭഗവദ്ഗീത പറയുന്നത്, ‘‘ഇത്തരത്തിൽ പ്രഖ്യാ പനം നടത്തുന്ന ആളുകൾ മിഥ്യാചാര: അഥവാ കപടവാദികൾ ആണ്. അവൻ നടി ക്കുക മാത്രമാണ്.’’ ഭഗവദ്ഗീത പറയുന്നു, ‘‘എന്നോട് യുദ്ധം വേണ്ടാ!’’ ഭഗവദ്ഗീത തന്ന ശീർഷകമാണത്. അതുകൊണ്ട്, ഇച്ഛ അഥവാ ആഗ്രഹം ഉണ്ട്.

**ദ്വേഷ:** : ഓരോരുത്തരിലും ഒരു തരം അനിഷ്ടം ഉണ്ട്; ഓരോരുത്തരിലും ഒരു തരം ദ്വേഷം ഉണ്ട്. എനിക്ക് നിങ്ങളെ ഇഷ്ടമാണ്, പക്ഷേ എനിക്ക് അയാളെ ഇഷ്ടമല്ല. എനിക്ക് ഈ സ്ഥലം ഇഷ്ടമാണ്, പക്ഷേ എനിക്ക് ആ സ്ഥലം ഇഷ്ടമല്ല. എനിക്ക് മധുരം ഇഷ്ടമാണ്, പക്ഷേ എനിക്ക് എരിവ് ഇഷ്ടമല്ല. എനിക്ക് ഉരുണ്ട സാധനങ്ങൾ ഇഷ്ടമാണ്, പക്ഷേ സിലിണ്ടർ, കോണിക, ഷഡ്ഭുജ ആകൃതിയുള്ളവ ഇഷ്ടമല്ല. അല്ല, അല്ല, അല്ല! നമുക്ക് നമ്മുടേതായ ഇഷ്ടങ്ങളും അനിഷ്ടങ്ങളും ഉണ്ട്. എനിക്ക് റോസാപ്പൂവ് ഇഷ്ടമാണ്, പക്ഷേ മുല്ലപ്പൂ ഇഷ്ടമല്ല. എനിക്ക് സൂര്യകാന്തിപ്പൂവ് ഇഷ്ടമാണ്, എന്നാൽ ഡാലിയ ഇഷ്ടമല്ല. നമുക്ക് നമ്മുടേതായ ഇഷ്ടങ്ങളുണ്ട്. എനിക്ക് ഒരു ഫ്ളാറ്റ് ഇഷ്ടമാണ്, അഥവാ എനിക്ക് ഒരു വേറിട്ട കെട്ടിടം ഇഷ്ടമാണ്. എനിക്ക് കൂൾ ഡ്രിങ്ക് ഇഷ്ടമാണ്; എനിക്ക് ചൂടു കാപ്പിയാണിഷ്ടം; എനിക്ക് ഐസ്ക്രീം ഇഷ്ടമാണ്! അപ്പോൾ, നമുക്ക് നമ്മുടെ സ്വന്തം ഇഷ്ട ങ്ങളും അനിഷ്ടങ്ങളും ഉണ്ട്.







**സുഖം** : ഇതിനെയാണ് നിങ്ങൾ സന്തോഷം എന്നു വിളിക്കുന്നത്. നമ്മുടെ ഉള്ളിൽ സന്തോഷമുണ്ട്. നമ്മുടെ ഉള്ളിലെ സന്തോഷം കാരണം, ബാഹ്യവസ്തു നമ്മളെ സന്തോഷിപ്പിക്കുന്നു. സന്തോഷം നമ്മുടെ ഉള്ളിലാണ്; ബാഹ്യവസ്തു കേവലം ഉപ കരണം മാത്രമാണ്. ബാഹ്യവസ്തു കേവലമൊരു ഉപാധി മാത്രമാണ്. അകമേ നിന്ന് ആനന്ദം പുറത്തുകൊണ്ടുവരാനുള്ള ഒരു ഒഴികഴിവു മാത്രമാണ് ബാഹ്യവസ്തു.

ഒരു ചെറിയ ഉദാഹരണം: ഇവിടെയൊരു ഐസ്ക്രീം ഉണ്ട്. ഐസ്ക്രീം എന്നെ സന്തോഷവാനാക്കുന്നു എന്നിരിക്കട്ടെ. ഞാൻ ഒരു ഐസ്ക്രീം കാണുക മാത്ര



മാണ് ചെയ്യുന്നതെങ്കിൽ, എനിക്ക് സന്തോഷമുണ്ടാവില്ല. ഞാനത് കഴിക്കാൻ തുടങ്ങു മ്പോൾ, എനിക്ക് സന്തോഷമുണ്ടാകുന്നു. അപ്പോൾ, ഐസ്ക്രീം അല്ല സന്തോഷം. അല്ല! ഐസ്ക്രീം കഴിക്കുന്ന അനുഭവമാണ് നിങ്ങൾക്ക് സന്തോഷം തരുന്നത്. ഇത് ഡോനട്ടായാലും അഥവാ മക്രോണിയായാലും ചീസ് ആയാലും ബാധകമാണ്, നിങ്ങൾക്ക് ഇഷ്ടമുള്ള എന്തു സാധനമായാലും.

അപ്പോൾ, നിങ്ങളുടെ അകമേയുള്ള സന്തോഷം ഇതേ രീതിയിലാണ് പുറത്തു കൊണ്ടുവരുന്നത്. ആ സാധനമല്ല സന്തോഷം തരുന്നത്, എന്തെന്നാൽ ഐസ്ക്രീം സന്തോഷം തരുമെങ്കിൽ, അത് എല്ലാവരേയും സന്തോഷിപ്പിച്ചേനേ. ഐസ്ക്രീം ഇഷ്ടമല്ലാത്ത ഒരുപാട് പേരുണ്ട്. ഒരു കപ്പ് കാപ്പി നിങ്ങൾക്ക് സന്തോഷം തരു മെങ്കിൽ, എല്ലാവരും ഈ ഒരു കപ്പ് കാപ്പി കുടിച്ചേനേ. എന്നിരിക്കിലും, “എനിക്കത് ഇഷ്ടമല്ല” എന്നു പറയുന്ന ഒത്തിരി ആളുകളുണ്ട്. അതുകൊണ്ട്, സന്തോഷം ബാഹ്യവസ്തുക്കളിലല്ല. നമ്മുടെ ഉള്ളിൽ നിന്ന് സന്തോഷം പുറത്തുകൊണ്ടുവരിക മാത്രമാണ് ബാഹ്യവസ്തുക്കൾ.

**ദു:ഖം** : ദു:ഖവുമുണ്ട്. ഒരാൾ കഷ്ടപ്പെടുന്നത് ഞാൻ കാണുമ്പോൾ, എനിക്ക് വളരെ വിഷമം തോന്നുന്നു, എനിക്ക് അവരുടെ വേദന അനുഭവപ്പെടുന്നു, എനിക്ക് കരഞ്ഞാൽ കൊള്ളാമെന്നു തോന്നുന്നു. ഒരു ചെറിയ ഉദാഹരണം: ഒരു പശു പുഴ



യിൽ വീണ് വളരെ കഷ്ടപ്പെടുകയായിരുന്നു. അതിന്റെ വലിയ ശരീരം കാരണം ആളുകൾക്ക് അതിനെ കരയ്ക്കു കയറ്റാൻ കഴിഞ്ഞില്ല. അതിനെ രക്ഷപ്പെടു ത്താനാഗ്രഹിച്ച് ഒരു സന്യാസി നദിയിലേക്ക് എടുത്തു ചാടി. എല്ലാവരും പറഞ്ഞു, “അങ്ങ് കിറുക്കന്മാരുടെ ജനറൽ ആണെന്നാണ് തോന്നുന്നത്! അങ്ങെന്തുകൊ ണ്ടാണ് പുഴയിൽ ചാടിയത്? ആ പശുവിനെ രക്ഷിക്ക ണമെന്ന് അങ്ങെന്തിനാണ് ആഗ്രഹിക്കുന്നത്? അത് ജീവനുവേണ്ടി മല്ലിട്ടുകൊണ്ടിരിക്കുമ്പോൾ ഞങ്ങളിൽ മിക്കവരും കണ്ടുകൊണ്ട് പോയതേയുള്ളൂ. അതിനെ രക്ഷിക്കുന്നതിന് അങ്ങെന്തിനാണ് ആഗ്രഹിക്കുന്നത്?” സന്യാസി പറഞ്ഞു, “ആ പശു കഷ്ടപ്പെടുമ്പോൾ, ഞാൻ കഷ്ടപ്പെടുന്നതായാണ് എനിക്കു തോന്നുന്നത്. ആ പശു ജീവനുവേണ്ടി മല്ലിടുമ്പോൾ, എന്റെയുള്ളിൽ ആ പ്രാണനു വേണ്ടി ഒരു മത്സരം നടക്കുന്നതായി എനിക്ക് തോന്നുന്നു.”

ഭഗവാൻ മറ്റൊരു ഉദാഹരണം തന്നിട്ടുണ്ട്: ഒരു വ്യക്തി, മതാത്മകതയുള്ള ഒരു മനുഷ്യൻ, നദിയിൽ കുളിക്കുകയായിരുന്നു. അയാൾ നദിയിൽ കുളിക്കവേ, ജലോപരിതലത്തിൽ അയാളൊരു തേളിനെ കണ്ടു. തേൾ രക്ഷപ്പെടാനായി ക്ലേശിക്കുകയായിരുന്നു, എന്നാൽ അതിന് പറ്റിയില്ല. ഈ മാന്യൻ തേളിനെ കൈകൊണ്ട് കോരിയെടുത്തു. തേൾ അയാളുടെ കൈയിൽ കുത്താൻ തുടങ്ങി. അപ്പോൾ അയാളതിനെ താഴെയിട്ടു. അത് വീണ്ടും കഷ്ടപ്പെടുന്നതു കണ്ടപ്പോൾ അയാൾ ഒരിക്കൽക്കൂടി അതിനെ കൈകളിലെടുത്തു. വീണ്ടും അത് അയാളുടെ കൈയിൽ കുത്താൻ തുടങ്ങി. ഇപ്രകാരം, തേള് കുത്തുന്നതും അയാളതിനെ വിടുന്നതും തുടർന്നു.

മറ്റുള്ളവർ ഇത് കാണുന്നുണ്ടായിരുന്നു. ‘‘ഈ കളി താങ്കൾ എത്ര നേരം തുടരാനാണ്? അതിനെ അവിടെ വിടൂ, അതോ ഇങ്ങനെ തുടരാൻ സ്വയം അനുവദിക്കാൻ പോവുകയാണോ?’’ അപ്പോൾ ആ മനുഷ്യൻ പറഞ്ഞു, ‘‘കുത്തുകയെന്നത് തേളിന്റെ പ്രകൃതമാണ്. തേളിന്റെ സ്വഭാവം ദംശിക്കുക എന്നതാണ്. സഹായിക്കുകയെന്നത് എന്റെ പ്രകൃതവും. തേൾ അതിന്റെ സ്വഭാവം ഉപേക്ഷിക്കാത്തിടത്തോളം, ഞാനെന്തിന് എന്റെ സ്വഭാവം ഉപേക്ഷിക്കണം? തേൾ അതിന്റെ ഗുണവിശേഷം ഉപേക്ഷിക്കാത്തിടത്തോളം, ഞാനെന്തിന് എന്റെ ഗുണവിശേഷം ഉപേക്ഷിക്കണം? ഞാനിത് തുടരട്ടെ. ജീവൻ രക്ഷിക്കുകയെന്ന ഈ സ്വഭാവം എന്റെ പ്രകൃതമാണ്, അത് എന്റെ സ്വഭാവമാണ്. അതുകൊണ്ട്, ഞാൻ തുടരും.’’ ഇതാണ് അദ്ദേഹം പറഞ്ഞത്.



**സംഘാത: ചേതനാ** : സംഘാത: എന്നാലർത്ഥം ശരീരത്തിന്റെയും ഇന്ദ്രിയങ്ങളുടെയും സംഗ്രഹം(the aggregate) എന്നാണ്. ശരീരത്തിന്റെയും ഇന്ദ്രിയങ്ങളുടെയും സംയോജനമാണ്, ആകെത്തുകയാണ് നിങ്ങൾ. ഇന്ദ്രിയങ്ങൾ അങ്ങ് ലോസ് ഏഞ്ചൽസിലാണ്, അതേ സമയം നിങ്ങളുടെ ശരീരം ഇവിടെയും, അതു പറ്റുമോ? ഇല്ല. ഇന്ദ്രിയങ്ങളും ശരീരവും ഒരുമിച്ച് ഇവിടെയാണ്. നിങ്ങൾക്ക് മനസ്സിലാവുന്നുണ്ടോ? അവ ഇവിടെ ഒരുമിച്ചാണുള്ളത്. ചേതനാ എന്നാൽ ബുദ്ധി, പ്രജ്ഞാബോധം(consciousness), സഹജജ്ഞാനം(intuition).

## ശരീരം ഒരു പവിത്രമായ ഇടമാണ്
## THE BODY IS A SACRED PLACE

അതുകൊണ്ട്, ‘ഇത്(this)’ എന്നാൽ ഇക്കാര്യങ്ങളുടെയൊക്കെ ലിസ്റ്റ് ഉൾക്കൊള്ളുന്ന ശരീരം എന്നാണ് അർത്ഥമാക്കുന്നത്. ഭഗവദ്ഗീത പറയുന്നു, “ഇതി ക്ഷേത്രം തഥാ ജ്ഞാനം ജ്ഞേയം ച ഉക്തം സമാസത:” (അദ്ധ്യായം 13, ശ്ലോകം 19). നിങ്ങളുടെ ശരീരത്തിന്റെ സംഗ്രഹം(summary) ഇതാണ്. ‘ഇതി’ന്റെ സംക്ഷിപ്തമാണിത്-നിങ്ങൾ പുറമേ നിന്നുകൊണ്ട് എന്തു കാണുന്നുവോ അത്. ഇനി, ഈ ‘ഇതി’നപ്പുറം എന്തോ ഉണ്ട്.

അപ്പോൾ, ‘ഇത്(this)’ ശാസ്ത്രമാകുന്നു, അതേസമയം ‘അത്(that)’ ആത്മീ




യതയാകുന്നു. ആദ്യ ഭാഗം ‘ഇത്’ ആകുന്നു. ‘അത്’ എന്നു വിളിക്കുന്ന രണ്ടാം ഭാഗം, ആത്മാവ്(the spirit) ആണ്. ‘ഇത്’ എന്ന ശരീരം, ഭഗവദ്ഗീതയിൽ ‘ക്ഷേത്രം’ എന്നാണ് വിളിക്കപ്പെട്ടിരിക്കുന്നത്. ‘ക്ഷേത്രജ്ഞൻ’ എന്നത് ‘അത്’(that) അഥവാ ശരീരത്തെ അറിയുന്നവൻ ആണ്. ‘ക്ഷേത്രം’ എന്നാൽ ഒരു പുണ്യസങ്കേത(pilgrim centre)മാണ്. ഭഗവാനിത് എത്രയോ വട്ടം ആവർത്തിച്ച് പറഞ്ഞിരിക്കുന്നു. നിങ്ങൾ

പവിത്രരാകുന്ന, അച്ചടക്കമുള്ളവരാകുന്ന ഒരു സ്ഥലമാണത്. അപ്പോൾ, 'ക്ഷേത്രം' എന്നത് ഒരു പുണ്യസ്ഥലമാണ്. ക്ഷേത്രം ഒരു തീർത്ഥാടന കേന്ദ്രമാണ്. ഇപ്രകാരം, ശരീരം വളരെ പവിത്രമാണ്. അതിനെ അവഗണിക്കരുത്.

ചില ആളുകൾ വൃത്തിയായി വസ്ത്രം ധരിക്കില്ല. ഉചിതമായ ആഹാരശീലം പുലർത്താത്തവരാണ് മറ്റു ചില ആളുകൾ. ഉപവാസത്തിന്റെ പേരു പറഞ്ഞ്, അവർ



കരുതുന്നത് തങ്ങൾ ഉന്നത മതബോധമുള്ളവരാ(highly religious)ണെന്നാണ്. സ്വർഗത്തിനടുത്ത് എത്തുന്നതിനേക്കാൾ, അവർ ശവക്കുഴിയോട് തൊട്ടടുത്താണ്! അപ്പോൾ, ശരീരത്തെ പീഢിപ്പിക്കുന്നത് അഥവാ ആത്മപീഢനം നടത്തുന്നത് മതപരമായ ഒരു കാര്യമേയല്ല. ആരുംതന്നെ അങ്ങനെ പറഞ്ഞിട്ടുമില്ല.

ശരീരം ഒരു പുണ്യസ്ഥലമാണ്, ഒരു ക്ഷേത്രമാണ്, ഒരു തീർത്ഥാടന കേന്ദ്രമാണ്. ഭഗവാൻ പറയുന്നു, "ശരീരം ചലിക്കുന്ന ക്ഷേത്രമാകുന്നു." നിങ്ങളുടെ ശരീരം ഒരു



ചലിക്കുന്ന ക്ഷേത്രമാകുന്നു, അതുകൊണ്ട് അതിനെ നന്നായി പരിപാലിക്കേണ്ടതുണ്ട്. അത് നല്ല വൃത്തിയുള്ളതാവണം. അത് പവിത്രവും അങ്ങേയറ്റം ശുദ്ധവും ആകണം.

അപ്പോൾ, ഇവിടെ വ്യക്തമായി പറയപ്പെട്ടിരിക്കുന്നു: 'അത്'(that), ക്ഷേത്രജ്ഞൻ, രണ്ടാം ഭാഗമാകുന്നു. ആദ്യ ഭാഗം 'ക്ഷേത്രം' ആണ്, അത് ശരീരത്തെ സൂചിപ്പിക്കുന്നു. രണ്ടാം ഭാഗം, ഈ ശരീരവാസിയായ, ഈ ശരീരത്തിന്റെ ജ്ഞാതാവ്(Knower) ആകുന്നു, അതിനെ 'ക്ഷേത്രജ്ഞൻ' എന്നു വിളിക്കുന്നു.

## ഈശ്വരന്റെ കരങ്ങൾ എല്ലായിടത്തുമുണ്ട്
## THE HANDS OF GOD ARE EVERYWHERE

**സർവ്വത: പാണിപാദം തത് സർവ്വതോക്ഷി ശിരോമുഖം ।**

ഭഗവാൻ മിക്കപ്പോഴും ആവർത്തിക്കുന്ന ഒരു ശ്ലോകമാണിത്. (13.14)

"ഈശ്വരന്റെ കൈകൾ(പാണി) എല്ലായിടത്തുമുണ്ട്. ഈശ്വരന്റെ കാലുകൾ(പാദം) എല്ലായിടത്തുമുണ്ട്. അവിടുത്തെ ശിരസ്സും കണ്ണുകളും സർവ്വത്ര വ്യാപിച്ചിരിക്കുന്നു."

ഒരു ശാസ്ത്ര മനുഷ്യനെ സംബന്ധിച്ചിടത്തോളം, ഒരു കംപ്യൂട്ടർ മനുഷ്യനെ സംബന്ധിച്ചിടത്തോളം, ഇതൊക്കെ അസംബന്ധമായാണ് തോന്നുക! എങ്ങനെയാണ് കൈകൾ എല്ലായിടത്തും വ്യാപിച്ചിരിക്കുക? അസാദ്ധ്യം! എങ്ങനെയാണ് അദ്ദേഹത്തിന്റെ ചെവികൾ എല്ലായിടത്തും ഉണ്ടാവുക? തികച്ചും അസംബന്ധം! എങ്ങനെയാണ് അദ്ദേഹത്തിന്റെ ശിരസ്സ് എല്ലായിടത്തും ഉണ്ടാവുക? ഇതിന് യാതൊരു അർത്ഥവുമില്ല!




ഇതൊരു ആലങ്കാരിക പ്രയോഗമാണ്. ഞാൻ പറയുകയാണ്, "എനിക്ക് എന്റെ ഓഫീസിൽ പത്തു കൈകളുണ്ട്." ഇവിടെ കൈകൾ കൊണ്ട് അർത്ഥമാക്കുന്നത് വ്യക്തികളെയാണ്. ഇംഗ്ലീഷ് സാഹിത്യത്തിൽ ഉപലക്ഷണം(synecdoche) എന്നൊരു അലങ്കാരമുണ്ട്. ഉപലക്ഷണം എന്നാൽ, പൂർണ്ണത്തിനു പകരമായി ഒരു ഭാഗമോ അല്ലെങ്കിൽ, ഒരു ഭാഗത്തിനു പകരമായി പൂർണ്ണമോ ഉപയോഗിക്കുന്നതാണ്. അതു

കൊണ്ട്, “എന്റെ ഓഫീസിൽ പത്തു കൈകളുണ്ട്.” എന്ന് ഞാൻ പറയുമ്പോൾ, അതിനർത്ഥം “എന്റെ ഓഫീസിൽ പത്ത് ആളുകളുണ്ട്.” എന്നാണ്. “ദയവായി തലകളെണ്ണുക”. എന്താണിത് അർത്ഥമാക്കുന്നത്? ‘തല’കൊണ്ട് അർത്ഥമാക്കുന്നത് ‘ആളൊന്നിന്(per head)” എന്നാണ്. “തലയൊന്നിന് ഓരോ പ്രസാദം നൽകുക”. ഇവിടെ ‘തല’ കൊണ്ട് ഉദ്ദേശിക്കുന്നത് ‘വ്യക്തി’എന്നാണ്.




അപ്പോൾ ഇതേപോലെ, സർവ്വത: പാണിപാദം കൊണ്ട് അർത്ഥമാക്കുന്നത്, നമ്മുടെയെല്ലാം കൈകൾ(പാണി) ഭഗവാന്റേതാണ് എന്നാണ്. നമ്മുടെയെല്ലാം കാലുകൾ(പാദം) അവിടുത്തേതാണ്. നമ്മുടെയെല്ലാം ചെവികൾ(ശ്രോത്രം) അവിടുത്തേതാണ്. നമ്മുടെയെല്ലാം മുഖങ്ങൾ അവിടുത്തേതാണ്. നാം അവിടുത്തെ ഉപകരണങ്ങൾ മാത്രമാണ്. അപ്പോൾ, ബ്രഹ്മത്തിന് സർവ്വത്ര കൈകളും കാലുകളും ഉണ്ട് എന്നതിന്റെ പൊരുൾ ഇതാകുന്നു.




ആദ്ധ്യാത്മികതയെക്കുറിച്ചുള്ള നമ്മുടെ ധാരണ വികസിപ്പിക്കുന്നതിന് നമ്മെ സഹായിക്കുന്നത് പ്രഫ. അനിൽകുമാർ അടുത്ത ലക്കത്തിൽ തുടരും.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!



(തുടരും)

**പ്രഫ. അനിൽകുമാർ കാമരാജു** – (*Sai-Vedam* പേജ് 300–306)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)